## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 649** **08.03.2012 - ൽ മറുപടിക്ക്**

## ഡോക്ടർമാരുടെ ഗ്രാമീണ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| ചോദ്യം | | മറുപടി |
|---|---|---|
| (എ) ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ ഗ്രാമീണ സേവനം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്; | (എ) | ഡോക്ടർമാരുടെ ഗ്രാമീണ സേവനം ഉറപ്പാക്കുന്നതിനായി എം.ബി.ബി എസ്, പി.ജി. കോഴ്സുകൾക്കുളള അഡ്മിഷൻ സമയത്ത് തന്നെ വിദ്യാർത്ഥികളിൽ നിന്നും ഒരു വർഷത്തെ നിർബന്ധിത സേവനം ചെയ്യാമെന്ന ബോണ്ട് വാങ്ങുന്നുണ്ട്. ഹൗസ് സർജൻസി കഴിയുന്ന ഡോക്ടർമാരുടെ ലിസ്റ്റ് ഗ്രാമീണ സേവനത്തിന് നിയമനം നൽകുന്നതിനായി നിയമനാധികാരിയായ എൻ ആർ.എച്ച്.എം. മിഷൻ ഡയറക്ടർക്ക് നൽകി വരുന്നു. |
| (ബി) ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനം ചെയ്യണമെന്ന കരാർ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനം ചെയ്യുന്നതിനായി ഡോക്ടർമാരെ നിയമിക്കാറുണ്ട്. ഗ്രാമീണ സേവനം ചെയ്യുന്നതിൽ വിമുഖത കാണിക്കുന്നതോ സേവനം നടത്തുന്നതിൽ നിന്ന് അനധികൃതമായി വിട്ടു നിൽക്കുന്നതോ ആയ ഡോക്ടർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി വരുന്നു. കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും ജോലിയിൽ പ്രവേശിക്കാത്ത ഡോക്ടർമാർക്കെതിരെ ജില്ലാ കളക്ടർമാർ വഴി റൂൾ 144 (2) സി.ആർ.പി.സി. പ്രകാരമുളള |

| | |
|---|---|
| | നിയമ നടപടികൾ സ്വീകരിക്കാൻ എൻ.ആർ.എച്ച്.എം. മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഈ മേഖലയിലെ ഡോക്ടർമാരുടെ പരാതികൾ പരിഹരിക്കുമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | (സി) ഈ മേഖലയിലെ ഡോക്ടർമാരുടെ പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവ എൻ.ആർ.എച്ച്.എം. തലത്തിലും സർക്കാർ തലത്തിലും പരിഹരിക്കാനുള്ള ശ്രമങ്ങൾ കൈക്കൊള്ളാറുണ്ട്. |

സെക്ഷൻ ആഫീസർ